# ഒരു പ്രവാചക ശ്രേഷ്ഠൻ ദിവംഗതനായി



പത്രാധിപ ലേഖനം

ഇവാ: പി. ഐ. ഏബ്രഹാം (കാനം)

അടുത്ത നാളിൽ അന്തരിച്ച കർത്തൃദാസൻ എം.എസ്. ജോൺ അഥവാ പ്രവാചകനായ വാര്യാപുരം യോഹന്നാച്ചൻ മൺമറഞ്ഞതോടെ ഒരു യുഗത്തിനു തിരശ്ശീലവീണതുപോലെ തോന്നുന്നു. ലേഖകൻെറ ദൈവസഭയുമായുള്ള ബന്ധത്തിൻെറ ഒന്നാംദിവസം മുതൽ ഈ ദൈവദാസനോടുള്ള ബന്ധത്തിൽ ഒളിമങ്ങാതെ നിൽക്കുന്ന നൂറുനൂറ് ഓർമ്മകൾ കൺമുമ്പിലുണ്ട്. പ്രവാചകൻ ഭൂതകാലത്തുമാത്രം ഉണ്ടായിരുന്നവരോ ഉണ്ടാകാമായിരുന്നവരോ ആണ് എന്ന എൻെറ ധാരണ തിരുത്തിക്കുറിച്ച് ക്രിസ്തീയ സഭയിലും പ്രവാചകന്മാർക്ക് പ്രസക്തി ഉണ്ടെന്ന് തെളിയിച്ചവരിൽ അഗ്രിമനാണ് യോഹന്നാച്ചൻ. ന്യായപ്രമാണകാലത്ത് ദൈവത്താൽ നേരിട്ട് വിളിച്ചിറക്കപ്പെട്ട ഏലിയാവ്, ആമോസ്, യെശയ്യാവ് തുടങ്ങിയ പ്രവാചകന്മാരുണ്ടായിരുന്നു. എന്നാൽ പിന്നീട് ഇവരെയൊക്കെ ചുറ്റിപ്പറ്റി ബഥേലിലും ഗിൽഗാലിലുമൊക്കെ പ്രവാചക ശിഷ്യന്മാർ കൂട്ടംകൂടി കഴിഞ്ഞുകൂടി. തിന്നും കുടിച്ചും പരാതിപറഞ്ഞും ഒക്കെ നീങ്ങിയ അവരുടെ ചരിത്രം രാജാക്കന്മാരുടെ പുസ്തകങ്ങളിൽ കാണുന്നു. ഇന്ന് ക്രൈസ്തവഗോളത്തിൽ ഗുണത്തക്കാളധികം ദോഷംപ്രവാചകന്മാരെന്ന് പേർവഹിക്കുന്ന അനേകർ നിമിത്തം ഉണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുണ്ട്, ഇനി ഉണ്ടാകുകയും ചെയ്യും എന്നുള്ളത് വെറുംസത്യമാണ്. വെറുതേ സങ്കല്പ പ്രവചനങ്ങൾ പറയുകാ കുടുംബങ്ങളിലും സഭകളിലും തന്നിമിത്തം പ്രശ്നങ്ങൾ വളർത്തുക എന്നു തുടങ്ങി വാക്കുകൾക്കപ്പുറമായ എന്തെന്ത് ദുരന്തസംഭവങ്ങൾ ഈ മണ്ഡലത്തിൽ സംഭവിക്കാറുണ്ട്. ഏതാത്മാവിനെയും മുഖവിലയ്ക്ക് വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളതോ എന്ന് ശോധന ചെയ്യണമെന്ന് പൗലോസ് പറഞ്ഞത് നമ്മോടും കൂടിയാണ്. ജീവിതവിശുദ്ധിക്കും ഉപദേശവിശുദ്ധിക്കും വിരുദ്ധമായി പ്രവചിക്കുന്ന പ്രവാചകനെയും പ്രവചനത്തെയും ദൈവജനം ഒരിയ്ക്കലും അംഗീകരിക്കാൻ പാടില്ല. 1 തിമോ. 4: 1 മുതൽ ഈ ബന്ധത്തിൽ വായനക്കാർ ശ്രദ്ധിയ്ക്കേണ്ടതാണ്.

മേൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ദൈവത്താൽ നിയുക്തനായ ഒരു പ്രത്യേക പ്രവാചകനായിരുന്നു കഥാപുരുഷൻ എന്നതിൽ നമുക്ക് ഏവർക്കും സന്തോഷമുണ്ട്. തൻെറ പിതാവ് മാടപ്പള്ളിൽ സ്കറിയാച്ചൻ കുക്കുസായിപ്പിനോടൊത്ത് ദൈവിക സത്യങ്ങൾക്കുവേണ്ടി പാടും ദുരിതവും സഹിച്ച് ധീരതയോടെ നിന്ന് അവസാനിച്ച ഒരു ദൈവഭക്തനായിരുന്നു. ആ പ്രിയപ്പെട്ടവനെ കർത്താവ് മാനിച്ചു. തൻെറ പെൺമക്കളെല്ലാം വിശ്വാസ ഗോളത്തിൽ ആയിത്തീർന്നു. മൂത്തപുത്രൻ (പൊടിയച്ചൻ) കാർഷികവൃത്തിയിൽ ജീവിച്ചുകൊണ്ട് ഇന്നും ദൈവിക സത്യത്തിൽ തുടരുന്നു. രണ്ടാമത്തെ പുത്രൻ പാസ്റ്റർ.പി.എസ്. സാമുവേൽ ലോക പ്രശസ്തമായ ഒരു മിഷനറിയാണ്. റായ്പൂർ കേന്ദ്രമാക്കി അദ്ദേഹം നടത്തിയിട്ടുള്ള സുവിശേഷത്തിൻെറ ജൈത്രയാത്രകൾ വീരസാഹസികതയുടെ ഒരു തുടർക്കഥയാണ്. ദൈവത്തെയല്ലാതെ മറ്റാരെയും കൂസാത്ത ഒരു ഒറ്റ സിംഹമാണ് അദ്ദേഹം. കർത്താവ് ആയുരാരോഗ്യാദികൾ നൽകി ജീവിതസായാഹ്നത്തിലും തന്നെ ഉപയോഗിക്കട്ടെ. ഇളയ പുത്രൻ എം.എസ്. സ്കറിയ (തങ്കച്ചൻ) പല ബിരുദങ്ങൾ നേടി അമേരിക്കയിൽ പ്രശസ്തനായ നിലയിൽ ഉദ്യോഗത്തിലും കർതൃസേവനത്തിലും ശോഭിയ്ക്കുന്ന ഒരു മാന്യസഹോദരനാണ്. ദൈവം തൻെറകുടുംബത്തെയും ആശീർവദിക്കട്ടെ. സഹോദരന്മാർക്കിടയിൽ നടുനായകനായി നിന്ന വ്യക്തിയാണ് നാം അനുസ്മരിക്കുന്ന പ്രിയ യോഹന്നാച്ചൻ. വലിയ വിദ്യാഭ്യാസമോ ആത്മീയ പ്രകടനം ഒന്നും തൻെറ പശ്ചാത്തലത്തിൽ ഉണ്ടായിരുന്നില്ല. തൻെറ സാക്ഷ്യം ലേഖകൻ നേരിട്ട് കേട്ടിട്ടുണ്ട്. ശരിയെന്ന് തനിക്ക് തോന്നിയപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി താൻ മുന്നിട്ടു നിന്നു. തൻെറ സിംഹനാദം പാർട്ടിയുടെ മുദ്രാവാക്യങ്ങൾ മുഴക്കു ⇨



MGM Ministries _ Photo Source: Jyothimargom, April 1994, Vol. 11, No. 4 Page 9



MGM Ministries-Article Source: Jyothimargom, April 1994, Vol. 11, No. 4, Page 3, 4

വാൻ താൻ ഉപയോഗിച്ചു. കപടഭക്തി തനിയ്ക്ക് വശമായിരുന്നില്ല. പരമാർത്ഥികളെ ആദരിക്കുന്നദൈവം തന്റെ പിതാവിന്റെയും പാസ്റ്റർ. പി. എസിന്റെയും മറ്റും പ്രാർത്ഥന കേട്ട് അത്ഭുതകരമായി തന്നെ സന്ദർശിച്ചു, ആഴമായ പാപബോധവും എരിവും തനിക്കുണ്ടായി. അതു മുതൽ കർത്താവ് തന്നെ ഉപയോഗിക്കാൻ തുടങ്ങി. കാൽ ശതാബ്ധത്തിലധികം ആ ശബ്ദം ഇൻഡ്യയുടെ അനേക ഭാഗങ്ങളിൽ, സഭകളിൽ, പ്രസംഗവേദികളിൽ, ഭവനങ്ങളിൽ, ദൈവത്തിനുവേണ്ടി മുഴങ്ങി. അനുവദിയ്ക്കപ്പെട്ട സമയം സ്വർഗീയ ഘടികാരത്തിൽ അവസാനിച്ചപ്പോൾ സ്വർഗം അദ്ദേഹത്തെ മടക്കി വിളിച്ചു. ആ ശബ്ദം നിശ്ചലമായി.

പ്രിയ യോഹന്നാച്ചന്റെ ശുശ്രൂഷയിൽ അനേകരെപ്പോലെ ലേഖകനും ശ്രദ്ധിച്ചിട്ടുള്ള ഒരു പ്രത്യേകത പറയാം. പ്രവാചകശുശ്രൂഷ സാധാരണക്കാരുടെ ഭാഷയിൽ കണ്ണുമടച്ചിരുന്ന് എന്തെങ്കിലും വിളിച്ച് പറയുകയാണല്ലോ! കൂടോത്രം നടക്കല്ലിന്റെ കീഴിൽ അഥവാ വാഴച്ചുവട്ടിൽ ഇരിയ്ക്കുന്നെന്നോ എന്തെങ്കിലും പറഞ്ഞ് ജീവിതങ്ങളെ ഭയപ്പെടുത്തി ആ ഭയത്തിൽനിന്ന് ഇരപിടിയ്ക്കയാണ് പ്രസ്തുത പ്രവാചകന്മാരുടെ രീതി. ബിലെയാമും മറ്റും അവരുടെ പ്രസ്ഥാനത്തിന്റെ നേതാവാണെന്ന് പറയാം. എന്നാൽ യോഹന്നാച്ചന്റെ മാർഗം ഏലിയാവിന്റെയും യിരെമ്യാവിന്റെയും യെശയ്യാവിന്റെയും യെഹസ്കേലിന്റെയും മറ്റും മാർഗമായിരുന്നുവെന്ന് പറയാൻ ഞാൻ ധൈര്യപ്പെടുകയാണ്. സ്വാർത്ഥ ലാഭം ലക്ഷ്യമാക്കി തന്റെ മുൻപിൽ വന്നിരിക്കുന്നവരുടെ മുൻപിൽ ഇഷ്ടപ്രവചനമോ ഭീതി പ്രവചനമോ പറയുകയല്ല യഹോവ കല്പിച്ചത് അറിയിക്കുകയായിരുന്നു തന്റെ രീതി. ജീവിതത്തിലും ഉപദേശത്തിലും വഴിതെറ്റി നടക്കുന്നവർ വന്നു മുട്ടുകുത്തിയാൽ മുഖപക്ഷമോ ദാക്ഷിണ്യലേശമോ കൂടാതെ ദൈവവചനത്തിന്റെ ഉപദേശ സത്യം അവരുടെ കാതുകളിൽ മുഴക്കി മാനസാന്തരത്തിന്റെയും വിശ്വാസസ്നാനത്തിന്റെയും മറ്റും തിരുമാനങ്ങൾ അവർക്ക് ബോധ്യമാക്കി അവരെക്കൊണ്ട് അതു ചെയ്യിക്കുന്നത് കണ്ട് എത്രവട്ടം ഞങ്ങൾ ദൈവത്തെ സ്തുതിച്ചിട്ടുണ്ട് അനേക പ്രവാചകന്മാരും സ്ത്രീകളോട് പരിധിവിട്ട കുശലാന്വേഷണവും സ്വാതന്ത്ര്യ പ്രവചനവും ഒക്കെ നടത്തി സാത്താന്റെ ക[illegible]യിൽ വീഴുമ്പോൾ ഈ ദൈവദാസന്റെ ആത്മീയ ഗാംഭീര്യത്തിന്റെ മുൻപിൽ ആവശ്യമില്ലാത്ത കുശലം പറയാൻപോലും ആരും ധൈര്യപ്പെടുകയില്ല. ഒരു പ്രവാചകൻ അഥവാ ഒരു ആത്മീയൻ ഒരു ശുശ്രൂഷകൻ ഒരു വിശ്വാസി ലൈംഗിക വിഷയത്തിൽ എങ്ങനെ വിശുദ്ധനും നിരപവാദ്യനും ആയിരിക്കണമെന്ന് തെളിയിച്ചവരിൽ പ്രമുഖനാണ് യോഹന്നാച്ചൻ. ജീവിതമാണ് പരമപ്രധാനം. താൻ ചത്ത് മീൻ പിടിയ്ക്കുന്നതിൽ വല്ല കഥയുമുണ്ടോ? ജീവിതവിശുദ്ധിമാത്രമല്ല ആത്മീയത്തിൽകൂടെ താൻ മാതൃകയായിരുന്നു. തനിയ്ക്ക് ലഭിച്ചിട്ടുള്ള ഭൗതീക നന്മയുടെ സിംഹഭാഗവും ആകുമെങ്കിൽ ആരുമറിയാതെ അർഹിക്കുന്നവർ-

> കോടതിത്തിണ്ണയിലും പോലീസ് വരാന്തയിലും, വൈദ്യശാലയിലും മറ്റും അലഞ്ഞു നടക്കേണ്ട നമ്മുടെയൊക്കെ ഗതികേട് മാറി അപ്പോസ്തോലിക കാലത്തെപ്പോലെ ശുദ്ധവും സത്യവുമായ പരിശുദ്ധാത്മസ്വരം കേട്ട് ചുവട് വയ്ക്കുവാൻ നമുക്ക് ഇടവന്നിരുന്നെങ്കിൽ നന്നായിരുന്നു.

ക്ക് താൻ നൽകുമായിരുന്നു. പ്രാർത്ഥനാവേളയിൽ ദൈവത്തിന്റെ ആത്മാവ് പ്രത്യേകം തനിക്ക് വെളിപ്പെടുത്തിയതനുസരിച്ച് ഒന്നിലധികം പ്രാവശ്യം ഈ ലേഖകന്റെ സാമ്പത്തിക ക്ലേശത്തിൽ ദൈവദാസൻ നിർബന്ധിച്ച് എന്നെ സഹായിച്ചത് എനിക്ക് മറക്കാൻ സാദ്ധ്യമല്ല. ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കുമ്പോൾ ഫോട്ടോഗ്രാഫറെ ഒന്നൊരുക്കി പടം പിടിയ്ക്കുക ചെണ്ട കൊട്ടിയ്ക്കുക തുടങ്ങിയ ഇന്നും നിലവിലിരിക്കുന്ന ഔദാര്യ പരസ്യങ്ങൾക്ക് യോഹന്നാച്ചൻ കണ്ടകോടാലിയായിരുന്നു. ഇങ്ങനെ വർണിച്ചു പോയാൽ അന്തമില്ലല്ലോ! തന്റെ പ്രിയ ഭാര്യ മേരിക്കുട്ടി പലപ്പോഴും ശാരീരിക സൗഖ്യം ഇല്ലാത്തവളായിരുന്നെങ്കിലും പുഞ്ചിരിക്കുന്ന മുഖവും ഔദാര്യമുള്ള മനസ്സുമായി ഭർത്താവിനോട് ചേർന്ന് കർത്തൃശുശ്രൂഷയിൽ അന്ത്യം വരെ നിന്നുവെന്നുള്ളത് — നിതൃത ബഹുമാനിക്കുന്ന ഒരു വസ്തുതയാണ്. ആ മാന്യസഹോദരിയെ കർത്താവ് ഒരിയ്ക്കലും അശരണയായി വിടുകയില്ല. ലോകപ്രകാരം അവർക്ക് സന്താനങ്ങൾ ഇല്ലെങ്കിലും ആത്മീയഭാഷയിൽ അവർക്ക് അനവധി മക്കളെ ദൈവം ദാനം ചെയ്തിട്ടുണ്ട്. അത് ധാരാളം മതിയല്ലോ!

എന്നും പോർക്കളത്തിൽ നിൽക്കുവാൻ തന്റെദാസന്മാരെ ദൈവം അനുവദിയ്ക്കുകയില്ല. വാൾ താഴത്തു വച്ച് കൈയിൽ സമാധാനത്തിന്റെ ഒലിവില പിടിച്ച് നിത്യാശ്വാസത്തിലേക്ക് പോകുവാൻ ദൈവം തന്നോടാജ്ഞാപിച്ചു. മരണവേദനയിൽ ബോധാവസ്ഥയിൽ കഴിയുമ്പോഴും ആരുതന്നെയായാലും നീതിയിലും വിശുദ്ധിയിലും ജീവിച്ചുകൊള്ളണമെന്ന് ഒരിക്കൽ കൂടെ ഗർജ്ജിച്ചുകൊണ്ടാണ് ആ വീരഭടൻ കണ്ണുകളടച്ചത്. ആത്മീയഗോളം ഒരർത്ഥത്തിൽ കൂടുതൽ ഇരുളിലേക്കും പ്രശ്നങ്ങളിലേക്കും നീങ്ങുകയാണ്. വ്യക്തമായ ദൈവശബ്ദവും പ്രവാചകശുശ്രൂഷയും സഭാനേതൃത്വത്തിന് ഇല്ലാതെപോകുന്നതാണ് ഇതിനെല്ലാം കാരണം. അതുകൊണ്ട് പൗലോസിന്റെയും അപ്പല്ലോസിന്റെയും പക്ഷത്ത് നിൽക്കാതെ ക്രിസ്തുവിന്റെ പക്ഷത്തു നിന്ന് വിശുദ്ധിയിലും നീതിയിലും മുഖം നോക്കാതെ, സ്ഥാനമാനങ്ങൾ കൊതിയ്ക്കാതെ, ദ്രവ്യാശയുടെ പിറകെ പരക്കം പായാതെ ജനസമൂഹത്തിന്റെ മുൾപടർപ്പുകളിൽ കുരുങ്ങാതെ ഈ അന്ത്യവേളയിൽ സഭയെ വചനപ്രകാരം ശുദ്ധീകരിച്ച് വളർത്തി തേജസ്സോടെ നിർത്തുവാൻ യോഹന്നാച്ചനെപ്പോലെ അല്ല അതിലും വീരന്മാരായപ്രവാചകന്മാരെ എഴുന്നേല്പിക്കുവാൻ നമുക്ക് മനമുരുകി പ്രാർത്ഥിക്കാം. കോടതിത്തിണ്ണയിലും പോലീസ് വരാന്തയിലും, വൈദ്യശാലയിലും മറ്റും അലഞ്ഞു നടക്കേണ്ട നമ്മുടെയൊക്കെ ഗതികേട് മാറി അപ്പോസ്തോലിക കാലത്തെപ്പോലെ ശുദ്ധവും സത്യവുമായ പരിശുദ്ധാത്മസ്വരം കേട്ട് ചുവട് വയ്ക്കുവാൻ നമുക്ക് ഇടവന്നിരുന്നെങ്കിൽ നന്നായിരുന്നു. കൃത്രിമത്വവും വ്യാജവും സ്വജനപക്ഷപാതവും ക്രൂരതയും അശുദ്ധിയും ഒന്നുമില്ലാതെ സഭാനാഥൻ പ്രീതനാകുന്ന ഭാഷയിൽ ഒരുക്കപ്പെട്ട ഒരു ദൈവസഭ കാണപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദിവംഗതനായ ദൈവദാസന്റെ ആത്മാവും അത് കൊതിയ്ക്കുന്നുണ്ടായിരിക്കുമല്ലോ. നമുക്ക് ഉണരാം?. നമ്മുടെ സ്വയം വെടിയാം. ക്രിസ്തു എല്ലാറ്റിലും മഹത്വപ്പെടട്ടെ.

MGM Ministries-Article Source: JYOTHIMARGOM, April 1994, Vol. 11, No. 4, Page 3, 4